Policemen—Attachment of pay.

ചർച. മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി *(Pazhanji)*.—താഴെപറയുന്ന ചോദ്യത്തിന്മേൽ മറുപടി പറയുവാൻ ഗവൺമെണ്ടിന്മേൽ ദയവുണ്ടാകുമോ:—

(എ) പോലീസ് ഡിപ്പാർട്ടുമെണ്ടിൽ പോലീസുകാർ എത്ര;

(ബി) അവരിൽ ശമ്പളത്തിന്മേൽ ജപ്തിയുള്ള പോലീസുകാരുടെ എണ്ണം എത്ര?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.—

(എ) ഒരൊൻ പോലീസുകാരുണ്ട്.

(ബ) ആരുടേയും ശമ്പളത്തിൽ ജപ്തി ഇല്ല.

Mr. T. C. Iyyukutty *(Pazhanji)*.—How many constables have been dismissed on account of attachment of pay in 1111?

Mr. A. L. Devassy *(Commissioner of Police)*.—None.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി *(Pazhanji)*.—ആരുടെയെങ്കിലും ശമ്പളം ജപ്തി ചെയ്തിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.—ആരുടേയും ശമ്പളത്തിൽ ജപ്തി ചെയ്തിട്ടില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.—മുമ്പ് എപ്പോഴെങ്കിലും ജപ്തി ചെയ്തിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.—ഉണ്ടോ എന്നു ഇപ്പോൾ പറയുവാൻ സാധിയ്ക്കയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—ശമ്പളം ജപ്തിചെയ്യുവാൻ പാടില്ലാതായപ്പോൾ ഉദ്യോഗത്തിൽനിന്നും പിരിച്ചുവിടണമെന്നു വല്ല നടപടിയും നടന്നിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.—എന്തു നടപടിയെക്കുറിച്ചാണു പറയുന്നതു?

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—ശമ്പള ജപ്തിയെ സംബന്ധിച്ചു നടപടി നടത്തുവാൻ നിവൃത്തിയാവാതെവന്നു ഉദ്യോഗത്തിൽനിന്നും പിരിച്ചുവിടണമെന്നുള്ളതിനെ സംബന്ധിച്ചു.

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.—ഉണ്ടായിട്ടുള്ളതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly